# 70/2025-M

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

| ചോദ്യങ്ങളുടെ ആകെ എണ്ണം : 100 | സമയം : 1 മണിക്കൂർ 30 മിനിട്ട് |
|---|---|
| പരമാവധി മാർക്ക് : 100 | |

A

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

DO NOT WRITE HERE

1. ചുവടെ തന്നിട്ടുള്ള സംഭവങ്ങളെ കാലഗണന ക്രമത്തിലാക്കുക?

| | |
|---|---|
| 1. ഗുരുവായൂർ സത്യാഗ്രഹം | 2. ഈഴവ മെമ്മോറിയൽ |
| 3. പാലിയം സത്യാഗ്രഹം | 4. വൈക്കം സത്യാഗ്രഹം |

(A) 2, 1, 3, 4
(B) 2, 4, 1, 3
(C) 3, 2, 1, 4
(D) 3, 1, 2, 4

2. ബ്രിട്ടീഷ്വൈസ്രോയിയുടെഎക്സിക്യൂട്ടീവ്കൗൺസിൽഅംഗത്വംരാജിവെക്കുകയും, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷ പദവിയിൽ ഇരിക്കുകയും ചെയ്ത മലയാളി ആരാണ്?

(A) ജി.പി. പിള്ള
(B) കെ. മാധവൻ നായർ
(C) ചേറ്റൂർ ശങ്കരൻ നായർ
(D) കെ.കേളപ്പൻ

3. 1900ൽ ഏത് വൈസ്രോയിക്കാണ് രണ്ടാം ഈഴവ മെമ്മോറിയൽ സമർപ്പിച്ചത്?

(A) ഡഫറിൻ
(B) ലോർഡ് കഴ്സൺ
(C) മൗണ്ട് ബാറ്റൺ
(D) മേയോ

4. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡി കണ്ടെത്തുക.

| | | |
|---|---|---|
| 1. ആത്മ വിദ്യാസംഘം | – | വാഗ്ഭടാനന്ദൻ |
| 2. വക്കം അബ്ദുൾ ഖാദർ മൗലവി | – | സ്വദേശാഭിമാനി |
| 3. കുര്യാക്കോസ് ഏലിയാസ് ചാവറ | – | ആത്മാനുതപം |

(A) 1, 2 ശരി
(B) 2, 3 ശരി
(C) 1 മാത്രം ശരി
(D) എല്ലാം ശരി

5. സമത്വസമാജം എന്ന പരിഷ്കരണ പ്രസ്ഥാനം ആരംഭിച്ച സാമൂഹിക പരിഷ്കർത്താവ് ആര്?

(A) വൈകുണ്ഠ സ്വാമികൾ
(B) ചട്ടമ്പിസ്വാമികൾ
(C) വാഗ്ഭടാനന്ദൻ
(D) അയ്യങ്കാളി

6. 1916-ൽ പൂനെയിൽ ഇന്ത്യയിലെ ആദ്യത്തെ വനിതാ സർവ്വകലാശാല സ്ഥാപിച്ചത് ആരാണ്?

(A) ജ്യോതിറാവു ഫുലെ

(B) ഡി.കെ.കാർവെ

(C) ബാലഗംഗാധര തിലക്

(D) പണ്ഡിത രമബായ്

7. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണ സമരം നിർത്തിവയ്ക്കാനുണ്ടായ കാരണം?

(A) പൂനെ കരാർ

(B) ചൗരിചൗരാ സംഭവം

(C) ഒന്നാം വട്ടമേശ സമ്മേളനം

(D) രണ്ടാം വട്ടമേശ സമ്മേളനം

8. സന്ന്യാസി കലാപം നടന്നത് എവിടെയാണ്?

(A) ബംഗാൾ

(B) ബീഹാർ

(C) പഞ്ചാബ്

(D) മഹാരാഷ്ട്ര

9. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ എവിടെവച്ചു നടന്ന സമ്മേളനത്തിലാണ് ക്വിറ്റിന്ത്യാ പ്രമേയം പാസാക്കിയത്?

(A) കാൺപൂർ

(B) ബോംബെ

(C) മദ്രാസ്

(D) ഡൽഹി

10. ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചതാരാണ്?

(A) വാറൻ ഹേസ്റ്റിങ്സ്

(B) എം.ജി. റാനഡേ

(C) വില്യം ജോൺസ്

(D) രബീന്ദ്രനാഥ് ടാഗോർ

11. ധനബിൽ ആദ്യം അവതരിപ്പിക്കുന്നത് പാർലമന്റിലെ ഏതു സഭയിലാണ്?

(A) രാജ്യസഭയിൽ

(B) ലോകസഭയിൽ

(C) ലോകസഭയിലോ രാജ്യസഭയിലോ അവതരിപ്പിക്കാം

(D) ഭരണഘടനയിൽ ഈ കാര്യം പ്രത്യേകം അനുശാസിക്കുന്നില്ല

12. മൗലികാവകാശങ്ങളിൽ ഏതെങ്കിലും ലംഘിക്കപ്പെടുന്ന പക്ഷം അവ പുനഃസ്ഥാപിച്ച് കിട്ടുന്നതിന് അനുഛേദം-226 പ്രകാരം ഏതു കോടതിയെയാണ് സമീപിക്കാൻ കഴിയുന്നത്?

(A) സുപ്രീം കോടതി

(B) ഹൈക്കോടതി

(C) സുപ്രീം കോടതിയേയും ഹൈക്കോടതിയേയും സമീപിക്കാം

(D) ജില്ലാ കോടതി

13. വോട്ടിങ്ങ് പ്രായം 21 വയസ്സിൽനിന്നും 18 ആയി കുറച്ചു ഭരണഘടനാഭേദഗതി ഏത്?

(A) 61-ാം ഭേദഗതി

(B) 42-ാം ഭേദഗതി

(C) 73-ാം ഭേദഗതി

(D) 76-ാം ഭേദഗതി

14. വിദ്യാഭ്യാസം ഏതു ലിസ്റ്റുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) കൺകറന്റ് ലിസ്റ്റ്

(B) യൂണിയൻ ലിസ്റ്റ്

(C) സ്റ്റേറ്റ് ലിസ്റ്റ്

(D) ഇതൊന്നുമല്ല

15. താഴെ പറയുന്നവയിൽ രാജ്യസഭയെ കുറിച്ച് ശരിയായ പ്രസ്താവന കണ്ടെത്തുക.

1. സംസ്ഥാനങ്ങളുടെ കൗൺസിൽ എന്നറിയപ്പെടുന്നു

2. സ്ഥിരം സഭ

3. അഞ്ചുവർഷമാണ് സഭയുടെ കാലാവധി

4. സ്പീക്കർ അധ്യക്ഷം വഹിക്കുന്നു.

(A) എല്ലാം ശരി

(B) 2 മാത്രം ശരി

(C) 1, 2 ശരി

(D) 3,4 ശരി

16. വിഴിഞ്ഞം അന്താരാഷ്ട്ര വാണിജ്യ തുറമുഖം പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ച തെന്ന്?

(A) 2025 മേയ് 2
(B) 2025 മേയ് 3
(C) 2025 മേയ് 4
(D) 2025 മേയ് 6

17. 2025 ഏപ്രിൽ മാസം ഇന്ത്യ സന്ദർശിച്ച അമേരിക്കൻ വൈസ് പ്രസിഡന്റ്?

(A) ഡോണൾഡ് ട്രംപ്
(B) കമലാ ഹാരിസ്
(C) മൈക്ക് വാൾട്സ്
(D) ജെ.ഡി. വാൻസ്

18. സ്വാതന്ത്ര്യാനന്തരം നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് ജവഹർലാൽ നെഹ്റുവിനും സർദാർ വല്ലഭായ് പട്ടേലിനും ഒപ്പം നിർണായക പങ്ക് വഹിച്ച മലയാളി

(A) വി.പി. മേനോൻ
(B) കെ.ആർ. നാരായണൻ
(C) ജോൺ മത്തായി
(D) കെ.പി. കേശവമേനോൻ

19. ഇന്ത്യൻ ആസൂത്രണ കമ്മീഷന്റെ പ്രഥമ വൈസ് ചെയർമാൻ

(A) ടി.ടി. കൃഷ്ണമാചാരി
(B) ഗുൽസാരിലാൽ നന്ദ
(C) ജവഹർലാൽ നെഹ്റു
(D) C.D. ദേശ്മുഖ്

20. ഏത് രാജ്യവുമായാണ് 1954-ൽ ഇന്ത്യ പഞ്ചശീല കരാറിൽ ഒപ്പിട്ടത്?

(A) പാക്കിസ്ഥാൻ
(B) അഫ്ഗാനിസ്ഥാൻ
(C) ചൈന
(D) നേപ്പാൾ

21. മിസൈൽമാൻ ഓഫ് ഇന്ത്യ എന്ന് വിശേഷിപ്പിക്കുന്നത് ആരെ?

(A) വിക്രം സാരാഭായ്

(B) ഡോ.രാജാ രാമണ്ണ

(C) ഹോമി ജഹാംഗീർ ഭാഭാ

(D) ഡോ.എ.പി.ജെ. അബ്ദുൾകലാം

22. ഇന്ത്യയിൽ ഭാഷാ അടിസ്ഥാനത്തിൽ രൂപമെടുത്ത ആദ്യ സംസ്ഥാനം

(A) ആന്ധ്രാപ്രദേശ്
(B) തമിഴ്നാട്
(C) ഗുജറാത്ത്
(D) കർണ്ണാടക

23. പ്രധാനമന്ത്രി നരേന്ദ്രമോദി പാർലമെന്റിൽ പ്രതിനിധീകരിക്കുന്ന ലോക്സഭാമണ്ഡലം

(A) ഗാന്ധിനഗർ
(B) വയനാട്
(C) വാരണാസി
(D) റായ്ബറേലി

24. ISRO - യുടെ (ഐ.എസ്.ആർ.ഒ) ഇപ്പോഴത്തെ ചെയർമാൻ

(A) ഡോ.വി.നാരായണൻ

(B) ഡോ.എസ്.സോമനാഥ്

(C) ഡോ.കെ.ശിവൻ

(D) ഡോ.ജി.മാധവൻ നായർ

25. ഇന്ത്യയിലെ വിവിധ നദീതട പദ്ധതികളും അവയുടെ നദികളും ചുവടെ നൽകിയിട്ടുണ്ട്. ശരിയായ ജോഡികൾ കണ്ടെത്തുക.

| | | |
|---|---|---|
| (i) ഹിരാകുഡ് | - | 1. നർമ്മദ |
| (ii) സർദാർ സരോവർ | - | 2. ഗോദാവരി |
| (iii) കൃഷ്ണരാജസാഗർ | - | 3. മഹാനദി |
| (iv) നിസാം സാഗർ | - | 4. കാവേരി |

(A) i – 1, ii – 4, iii – 3, iv – 2
(B) i – 2, ii – 4, iii – 3, iv – 1
(C) i – 3, ii – 1, iii – 4, iv – 2
(D) i – 4, ii – 2, iii – 3, iv – 1

26. കേരളത്തിലെ ഏറ്റവും വിസ്തൃതമായ ബയോസ്ഫിയർ റിസർവ്

(A) അഗസ്ത്യമല

(B) നീലഗിരി

(C) സൈലന്റ് വാലി

(D) ഗൾഫ് ഓഫ് മന്നാർ

27. 'പുനർഗേഹം' പദ്ധതിയുടെ ഗുണഭോക്താക്കൾ ആര്?

(A) മലയോരമേഖലകളിലെ ദുരന്തബാധിതർ

(B) മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

(C) വയോജനങ്ങൾ

(D) ഭിന്നശേഷിക്കാർ

28. തിരുവിതാംകൂറിലെ ആദ്യ റെയിൽവേ ലൈൻ

(A) ബേപ്പൂർ - തിരൂർ

(B) കൊല്ലം - തിരൂർ

(C) ബേപ്പൂർ - ചെങ്കോട്ട

(D) കൊല്ലം - ചെങ്കോട്ട

29. ഹിമാലയ പർവ്വത നിരയായ ഹിമാദ്രിയുടെ സവിശേഷതകൾ അല്ലാത്തത്

(i) ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭ്യമാകുന്നു

(ii) ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ കാണപ്പെടുന്നു

(iii) മഞ്ഞു മൂടപ്പെട്ട പർവ്വതങ്ങൾ

(iv) നിരപ്പായ താഴ്വരകളായ ദൂണുകൾ (Dune) കാണപ്പെടുന്നു

(A) (i) ഉം (ii) ഉം സവിശേഷതകൾ അല്ല

(B) (ii) ഉം (iii) ഉം സവിശേഷതകൾ അല്ല

(C) (i) ഉം (iv) ഉം സവിശേഷതകൾ അല്ല

(D) (iii) ഉം (iv) ഉം സവിശേഷതകൾ അല്ല

30. മലബാറിലെ ആദ്യത്തെ ഡീസൽ വൈദ്യുതി നിലയം

(A) ബ്രഹ്മപുരം

(B) നല്ലളം

(C) കായംകുളം

(D) മൂലമറ്റം

31. 2027 ലെ ഒളിമ്പിക് ഇ-സ്പോർട്സ് ഗെയിംസിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം

(A) സൗദി അറേബ്യ (B) കാനഡ

(C) ബ്രിട്ടൺ (D) ചൈന

32. കേരളത്തിലെ ദേശീയോദ്യാനങ്ങളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയായ രീതിയിൽ ക്രമപ്പെടുത്തുക.

(i) പാമ്പാടും ഷോല - 1. നീലഗിരിക്കുന്നുകൾ

(ii) മതികെട്ടാൻ ഷോല - 2. നീലഗിരിതാർ

(iii) ഇരവികുളം - 3. ഏറ്റവും ചെറിയ ദേശീയോദ്യാനം

(iv) സൈലന്റ് വാലി - 4. 2003-ൽ ദേശീയോദ്യാനമായി

(A) i – 4, ii – 1, iii – 2, iv – 3

(B) i – 2, ii – 4, iii – 3, iv – 1

(C) i – 1, ii – 3, iii – 4, iv – 2

(D) i – 3, ii – 4, iii – 2, iv – 1

33. ലോകത്തിന്റെ പല ഭാഗങ്ങളിൽ പ്രാദേശികമായ താപ-മർദ്ദ വ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന കാറ്റുകളാണ് പ്രാദേശിക വാതങ്ങൾ. ഉത്തരേന്ത്യൻ സമതലത്തിൽ വീശുന്ന പ്രാദേശിക വാതമായ ഉഷ്ണക്കാറ്റിനെ ഏതു പേരിൽ അറിയപ്പെടുന്നു?

(A) ഫൊൻ (B) ഹർമാറ്റൻ

(C) ലൂ (D) ചിന്നൂക്ക്

34. പെരിയാർ നദിയെക്കുറിച്ചുള്ള ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

1. കേരളത്തിലെ ഏറ്റവും നീളം കൂടിയതും 'കേരളത്തിന്റെ ജീവരേഖ' എന്നും അറിയപ്പെടുന്ന നദി.
2. പൗരാണിക കാലത്ത് ബാരിസ് (Baris) എന്ന പേരിൽ അറിയപ്പെട്ടിരുന്നു.
3. പശ്ചിമഘട്ട മലനിരകളുടെ ഭാഗമായ തമിഴ്നാട്ടിലെ സുന്ദരമലയിലെ ശിവഗിരിക്കുന്നുകളിൽ നിന്നാണ് ഈ നദി ഉത്ഭവിക്കുന്നത്.
4. മുതിരപ്പുഴ ഈ നദിയുടെ പോഷക നദിയാണ്.

(A) 1, 3, 4 ശരിയാണ് (B) 1, 2, 3 ശരിയാണ്

(C) 2, 3, 4 ശരിയാണ് (D) 1, 2, 4 ശരിയാണ്

35. കെ-സ്മാർട്ട് (K-SMART) ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) നഗരവാസികൾക്ക് തൊഴിലവസരം നൽകുന്ന പദ്ധതി

(B) സർക്കാർ സ്കൂളുകളുടെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതി

(C) കേരളത്തിന്റെ വ്യവസായ മേഖലകൾക്കായുള്ള വികസന പദ്ധതി.

(D) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതി.

36. നെല്ലിക്കാംപെട്ടി ഗെയിം സാങ്ച്വറി എന്ന് ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്ന വന്യ ജീവി സങ്കേതം

(A) മേഘമല ടൈഗർ റിസർവ്

(B) പെരിയാർ ടൈഗർ റിസർവ്

(C) ആനമല ടൈഗർ റിസർവ്

(D) പറമ്പിക്കുളം ടൈഗർ റിസർവ്

37. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ പഞ്ചായത്ത്

(A) ഐമനം

(B) ആനൂർ

(C) ഇരവിപേരൂർ

(D) പുല്ലമ്പാറ

38. കുങ്കുമപ്പൂ കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായതും കാശ്മീർ താഴ്വരയിലെ ഹിമാനികൾ നിക്ഷേപിക്കപ്പെടുന്നതുമായ മണൽ നിറഞ്ഞ ജൈവാംശമുള്ള മണ്ണ്.

(A) കറുത്തമണ്ണ്

(B) കരേവാസ് മണ്ണ്

(C) ലാറ്ററൈറ്റ് മണ്ണ്

(D) ചെമ്മണ്ണ്

39. ഈർപ്പവാഹിയായ കാറ്റിന്റെ ദിശയ്ക്ക് അഭിമുഖമായി നിൽക്കുന്ന പർവ്വതങ്ങൾ കാറ്റിനെ തടഞ്ഞു നിർത്തുന്നതു കാരണം ആ പ്രദേശങ്ങളിൽ വലിയ തോതിൽ മഴ ലഭ്യമാകുന്നു. അതുകൊണ്ടുതന്നെ മറുഭാഗത്ത് മഴ കുറയുകയും ചെയ്യുന്നു. ഇത്തരത്തിൽ മഴ കുറഞ്ഞ പ്രദേശങ്ങളെ അറിയപ്പെടുന്നത്?

(A) മിതോഷ്ണ മഴ മേഖലകൾ

(B) ശൈല വൃഷ്ടി പ്രദേശങ്ങൾ

(C) മഴ നിഴൽ പ്രദേശങ്ങൾ

(D) ഉഷ്ണമേഖലാ മഴമേഖലകൾ

40. വേമ്പനാട് കായലുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന വിവരങ്ങളിൽ തെറ്റായവ തിരിച്ചറിയുക.

1. കല്ലടയാറിന്റെ പതന സ്ഥാനമാണ്

2. നെഹ്റു ട്രോഫി വള്ളംകളി നടക്കുന്ന കായൽ

3. തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചിരിക്കുന്നു

4. മൺട്രോ തുരുത്ത് ദ്വീപ് സ്ഥിതി ചെയ്യുന്ന കായൽ

(A) ഒന്നും നാലും തെറ്റാണ്

(B) ഒന്നും രണ്ടും തെറ്റാണ്

(C) രണ്ടും മൂന്നും തെറ്റാണ്

(D) മൂന്നും നാലും തെറ്റാണ്

41. 'ഓപ്പറേഷൻ ബ്രഹ്മ' എന്ന ദൗത്യത്തിന്റെ ലക്ഷ്യം

(A) ഭൂമിയുടെ ധ്രുവപ്രദേശങ്ങൾക്ക് മുകളിലൂടെ ബഹിരാകാശ യാത്രികരെ നേരിട്ട് കൊണ്ടുപോകുക എന്നതാണ് ഈ ദൗത്യത്തിന്റെ ലക്ഷ്യം.

(B) മ്യാൻമാറിൽ ഉണ്ടായ ഭൂകമ്പത്തിൽ അടിയന്തിര മാനുഷിക സഹായം നൽകുന്നതിനായി ഇന്ത്യൻ സൈന്യം ആരംഭിച്ച ദൗത്യമാണിത്.

(C) വാട്സ്ആപ്പിലൂടെയും മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെയും ഭരണം മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിടുന്നു.

(D) ഇന്ത്യൻ പൗരന്മാർക്ക് അന്താരാഷ്ട്ര യാത്രകൾ ആധുനികവൽക്കരിക്കുന്നതിന് ലക്ഷ്യമിടുന്നു.

42. കേരളത്തിലെ ഏറ്റവും വലിയ മത്സ്യബന്ധന തുറമുഖവും ഇൻഡോ-നോർവീജിയൻ പ്രോജക്ട് എന്ന് അറിയപ്പെടുന്നതുമായ തുറമുഖം.

(A) തങ്കശ്ശേരി

(B) വിഴിഞ്ഞം

(C) കായംകുളം

(D) നീണ്ടകര

43. കേരളത്തിന്റെ വനമേഖലയുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ തിരിച്ചറിയുക.

1. കേരളത്തിൽ വനഭൂമി ഏറ്റവും കുറവുള്ള ജില്ല എറണാകുളമാണ്
2. കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനം കൊച്ചിയാണ്
3. സൈലന്റ് വാലി ഒരു ഉഷ്ണമേഖലാ നിത്യഹരിത വനപ്രദേശമാണ്
4. കേരളത്തിൽ വനഭൂമി ഏറ്റവും കൂടുതലുള്ളത് ഇടുക്കി ജില്ലയിലാണ്

(A) മൂന്നും നാലും ശരിയാണ്
(B) രണ്ടും മൂന്നും ശരിയാണ്
(C) ഒന്നും നാലും ശരിയാണ്
(D) രണ്ടും നാലും ശരിയാണ്

44. ചേരുംപടി ചേർക്കുക

| **പട്ടിക 1** | **പട്ടിക 2** |
|---|---|
| 1. കരുമാടികുട്ടൻ സ്മാരകം | (i) കൊല്ലം |
| 2. ചന്ദ്രഗിരിക്കോട്ട | (ii) മലപ്പുറം |
| 3. പുനലൂർ തൂക്കുപാലം | (iii) ആലപ്പുഴ |
| 4. വാഗൺ ട്രാജഡി സ്മാരകം | (iv) കാസർഗോഡ് |

(A) 1 – (i), 2 – (ii), 3 – (iii), 4 – (iv)
(B) 1 – (ii), 2 – (iii), 3 – (iv), 4 – (i)
(C) 1 – (iii), 2 – (iv), 3 – (i), 4 – (ii)
(D) 1 – (iv), 2 – (i), 3 – (ii), 4 – (iii)

45. താഴെ തന്നിരിക്കുന്നതിൽ നിന്നും ശരിയായവ കണ്ടെത്തുക

1. ബോക്സർ കലാപം - അമേരിക്ക
2. ബൂവർ യുദ്ധം - ദക്ഷിണാഫ്രിക്ക
3. ടെന്നീസ് കോർട്ട് പ്രതിജ്ഞ - ചൈന
4. രക്ത രഹിത വിപ്ലവം - ഇംഗ്ലണ്ട്

(A) 1, 2, 4 ശരിയാണ്
(B) 1, 2, 3 ശരിയാണ്
(C) 1, 4 ശരിയാണ്
(D) 2, 4 ശരിയാണ്

46. കോഴിക്കോടിനെക്കുറിച്ച് പരാമർശിക്കുന്ന സംസ്കൃത സന്ദേശകാവ്യം ഏതാണ്?

(A) ഉണ്ണുനീലി സന്ദേശം
(B) ചാതക സന്ദേശം
(C) മയൂര സന്ദേശം
(D) കോകില സന്ദേശം

47. ഭൂമിയുടെ ഉള്ളറയിലെ വിവിധ പാളികളുടെ പേരുകൾ ആണ് ചുവടെ ചേർക്കുന്നത്. അവയെ ഉപരിതലത്തിൽ നിന്നും ഉള്ളിലേക്ക് എന്ന തരത്തിൽ ക്രമീകരിച്ചെഴുതുക.

(A) ഭൂവല്കം - അകകാമ്പ് - പുറകാമ്പ് - മാന്റിൽ

(B) ഭൂവല്കം - മാന്റിൽ - പുറകാമ്പ് - അകകാമ്പ്

(C) ഭൂവല്കം - മാന്റിൽ - അകകാമ്പ് - പുറകാമ്പ്

(D) അകകാമ്പ് - പുറകാമ്പ് - മാന്റിൽ - ഭൂവല്കം

48. താഴെപ്പറയുന്ന പ്രസ്താവനകളിൽ തെറ്റായവ കണ്ടെത്തുക

i. സംസ്ഥാന സർക്കാരുകൾക്ക് മാത്രമായി ചില അധികാരങ്ങൾ ഉണ്ട്

ii. 18 വയസ്സ് തികഞ്ഞ എല്ലാവർക്കും വോട്ടവകാശമുണ്ട്.

iii. ആരും നിയമത്തിന് അതീതരല്ല.

iv. ഇന്ത്യയിലുള്ള ഒരാൾക്ക് ദേശീയ പൗരത്വത്തിന് പുറമേ സംസ്ഥാന പൗരത്വം കൂടിയുണ്ടാവും

v. അവകാശങ്ങൾ ഉള്ളത് പോലെ നമുക്ക് കടമകളും ഉണ്ട്

vi. നമ്മുടെ ഭരണാധികാരികൾക്ക് മേൽ ആർക്കും നിയന്ത്രണമില്ല

(A) i, ii, iv തെറ്റാണ്

(B) vi, v തെറ്റാണ്

(C) i, iv, vi തെറ്റാണ്

(D) ii, iii, v തെറ്റാണ്

49. 2025 മാർച്ചിൽ അന്തരിച്ച വാൽകിൽമർ ഏത് മേഖലയിൽ പ്രശസ്തനാണ്?

(A) സാഹിത്യം

(B) ശാസ്ത്രരംഗം

(C) ചലച്ചിത്രരംഗം

(D) പത്രപ്രവർത്തനം

50. 2024 ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം ലഭിച്ചത്

(A) അശോകൻ ചരുവിൽ

(B) എം.കെ. സാനു

(C) എൻ.എസ്. മാധവൻ

(D) സാറാ ജോസഫ്

51. വനിതകൾക്കായി സുഭദ്ര യോജന പദ്ധതി ആരംഭിച്ച സംസ്ഥാനം

(A) മഹാരാഷ്ട്ര (B) ഒഡീഷ

(C) കേരളം (D) തമിഴ്നാട്

52. സംസ്ഥാനത്തെ ആദ്യ അഡ്വഞ്ചർ ടൂറിസ അക്കാദമിയും പാർക്കും നിലവിൽ വരുന്നത്?

(A) വിഴിഞ്ഞം (B) ശാസ്താംപാറ

(C) ഇടമലക്കുടി (D) അരുവിക്കര

53. കരിമ്പൻ എന്നത് ഏത് വിഭാഗത്തിൽപ്പെടുന്നു?

(A) ബാക്ടീരിയ (B) വൈറസ്

(C) ഫംഗസ് (D) പ്രോട്ടോസോവ

54. നാഗപതിവെക്കൽ (Serpentine layering) നടത്തുന്ന സസ്യത്തിന് ഉദാഹരണം

(A) പേര (B) ചാമ്പ

(C) റോസ് (D) കുരുമുളക്

55. മനുഷ്യ ശരീരത്തിൽ ആന്തര സമസ്ഥിതി പാലത്തിനെ സഹായിക്കുന്ന മസ്തിഷ്കത്തിന്റെറ ഭാഗം.

(A) ഹൈപോതലാമസ് (B) തലാമസ്

(C) സെറിബ്രം (D) സെറിബെല്ലം

56. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം സ്ഥിതി ചെയ്യുന്ന ജില്ല

(A) കാസർകോഡ് (B) വയനാട്

(C) തിരുവനന്തപുരം (D) എറണാകുളം

57. 'അസ്കോർബിക് ആസിഡ്' എന്ന പേരിൽ അറിയപ്പെടുന്ന വിറ്റാമിൻ

(A) വിറ്റാമിൻ എ (B) വിറ്റാമിൻ ഇ

(C) വിറ്റാമിൻ സി (D) വിറ്റാമിൻ ബി

58. ‘സിംല കരാർ’ ഏതു രാജ്യങ്ങൾ തമ്മിലുള്ള ഉടമ്പടിയാണ്?

(A) ഇന്ത്യ - പാക്കിസ്ഥാൻ
(B) ഇന്ത്യ - ചൈന
(C) ഇന്ത്യ - ഭൂട്ടാൻ
(D) ഇന്ത്യ - മ്യാൻമർ

59. യുനെസ്കോ അംഗീകാരം ലഭിച്ച കേരളീയ കലാരൂപങ്ങൾ

i) കൂടിയാട്ടം
ii) മോഹിനിയാട്ടം
iii) കഥകളി
iv) ഓട്ടൻതുള്ളൽ

(A) i, iii
(B) ii, iv
(C) ii, iii
(D) i മാത്രം ശരി

60. കോൺവെക്സ് ദർപ്പണവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക.

i) പ്രതിപതനതലം അകത്തോട്ട് കുഴിഞ്ഞ ഗോളീയദർപ്പണങ്ങളാണ് ഇവ.

ii) വാഹനങ്ങളിൽ റിയർവ്യൂ മിറർ ആയി ഉപയോഗിക്കുന്നു.

iii) ഷേവിങ് മിറർ ആയി ഉപയോഗിക്കുന്നു.

iv) പ്രതിപതനതലം പുറത്തേക്ക് ഉന്തി നിൽക്കുന്ന ഗോളീയ ദർപ്പണങ്ങളാണ് ഇവ.

(A) പ്രസ്താവന രണ്ട്, നാല്
(B) പ്രസ്താവന ഒന്ന്, മൂന്ന്
(C) പ്രസ്താവന മൂന്ന്, നാല്
(D) പ്രസ്താവന ഒന്ന്, രണ്ട്

61. താഴെ തന്നിരിക്കുന്നവയിൽ ശാസ്ത്രജ്ഞരും കണ്ടുപിടുത്തങ്ങളും ശരിയായി യോജിച്ച ജോഡികൾ കണ്ടെത്തുക.

(i) ഇലക്ട്രോൺ - ജെ.ജെ. തോംസൺ

(ii) പ്രോട്ടോൺ - ജെയിംസ് ചാഡ്‌വിക്ക്

(iii) ന്യൂട്രോൺ - റുഥർഫോർഡ്

(A) (iii) മാത്രം
(B) (i) മാത്രം
(C) (i) ഉം (ii) ഉം
(D) എല്ലാം ശരിയാണ്

62. താഴെപ്പറയുന്ന പദാർത്ഥങ്ങളിൽ ഏതിൽനിന്നാണ് വളരെ എളുപ്പത്തിലും വേഗത്തിലും ചെലവ് കുറഞ്ഞ രീതിയിലും സിങ്ക് വേർതിരിച്ചെടുക്കാൻ കഴിയുന്നത്

(A) ബോക്സൈറ്റ്
(B) ടിൻസ്റ്റോൺ
(C) കലാമിൻ
(D) ഇവയൊന്നുമല്ല

63. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ഏത് മൂലകത്തെ സൂചിപ്പിക്കുന്നു

i) ന്യൂട്രോൺ കാണപ്പെടുന്നില്ല

ii) മാസ്സ് നമ്പർ 1 ആണ്

iii) ഹെൻറി കാവെൻഡിഷ് ആണ് ഈ മൂലകം കണ്ടെത്തിയത്

(A) ഹീലിയം
(B) ഹൈഡ്രജൻ
(C) ഓക്സിജൻ
(D) സിർക്കോണിയം

64. താപപ്രേഷണവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക.

i) തന്മാത്രകളുടെ യഥാർത്ഥ സ്ഥാനമാറ്റം മുഖേന താപം പ്രേഷണം ചെയ്യപ്പെടുന്നു

ii) തന്മാത്രകളുടെ യഥാർത്ഥത്തിലുള്ള സ്ഥാനമാറ്റം ഇല്ലാതെ താപം പ്രേഷണം ചെയ്യപ്പെടുന്നു

iii) മാധ്യമത്തിന്റെ സഹായമില്ലാതെ താപം പ്രേഷണം ചെയ്യപ്പെടുന്നു

(A) പ്രസ്താവന ഒന്ന്, രണ്ട്
(B) പ്രസ്താവന രണ്ട്, മൂന്ന്
(C) ഇവയൊന്നുമല്ല
(D) എല്ലാം ശരിയാണ്

65. 2023 ലെ രസതന്ത്ര നൊബേൽ സമ്മാനം ലഭിച്ചത് എന്തിന്റെ കണ്ടുപിടുത്തത്തിനാണ്?

(A) കോവിഡ് വാക്സിൻ
(B) ഇലക്ട്രോഫൈൽ
(C) ക്വാണ്ടം ഡോട്ട്
(D) ന്യൂക്ലിയോഫൈൽ

66. ഡി.ആർ.ഡി.ഒ യുടെ ഇപ്പോഴത്തെ ചെയർമാൻ ആരാണ്?

(A) ജി.സതീഷ് റെഡ്ഡി
(B) എസ്. ക്രിസ്റ്റഫർ
(C) എം. നടരാജൻ
(D) ഡോ. സമീർ വി. കാമത്ത്

67. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ഇന്ത്യയിൽ ഉൾപ്പെടാത്ത ഇക്കോളജിക്കൽ ഹോട്ട് സ്പോട്ട്?

(A) പശ്ചിമഘട്ടം

(B) സുന്ദലാൻഡ്

(C) ഇന്തോ-ബർമ്മ

(D) വടക്കു കിഴക്കൻ ഹിമാലയം

68. മലമ്പനി രോഗകാരിയായ പ്ലാസ്മോഡിയം ഏതു വിഭാഗത്തിൽ ഉൾപ്പെടുന്നു?

(A) ബാക്ടീരിയ

(B) ഫംഗസ്

(C) പ്രോട്ടോസോവ

(D) വൈറസ്

69. വൈഡാൽ പരിശോധന ഏത് രോഗകാരിയെ തിരിച്ചറിയാൻ ഉപയോഗിക്കുന്നു?

(A) ഹീമോഫിലസ് ഇൻഫ്ളുവൻസ

(B) സാൽമൊണല്ല ടൈഫി

(C) പ്ലാസ്മോഡിയം ഫാൽസിപാരം

(D) സ്ട്രെപ്റ്റോകോക്കസ് ന്യൂമോണിയ

70. രക്തത്തിൽ കാണപ്പെടുന്ന ഫാഗോസൈറ്റിക് കോശം ഏത്?

(A) ഈസിനോഫിൽ

(B) ലിംഫോസൈറ്റ്

(C) മോണോസൈറ്റ്

(D) ബേസോഫിൽ

71. ഒരു കാർഡിയാക് സൈക്കിൾ പൂർത്തീകരിക്കാൻ ആവശ്യമായ സമയം എത്ര?

(A) 0.2 sec.

(B) 0.6 sec.

(C) 0.9 sec.

(D) 0.8 sec.

72. എലിപ്പനിയ്ക്ക് കാരണമായ രോഗകാരിയുടെ പേരെന്ത്?

(A) ലെപ്റ്റോ സ്പൈറ

(B) കൊറിനിബാക്ടീരിയം

(C) മൈകോബാക്ടീരിയം

(D) സ്ട്രെപ്റ്റോ കോക്കസ്

73. ക്ഷയരോഗം പ്രതിരോധിക്കാൻ ഉപയോഗിക്കുന്ന വാക്സിന്റെ പേരെന്ത്?

(A) ടി.പി.റ്റി
(B) എം.എം.ആർ
(C) എച്ച്.പി.വി.
(D) ബി.സി.ജി

74. രക്തത്തിലെ കാത്സ്യത്തിന്റെ സാധാരണ അളവ് എത്ര?

(A) 70 – 110 mg
(B) 9 – 11 mg
(C) 200 – 400 mg
(D) 12 – 17 mg

75. മസ്തിഷ്ക്കത്തെ പൊതിഞ്ഞു കാണുന്ന സ്തര പാളിയേത്?

(A) പെരികാർഡിയം
(B) പ്ലൂറ
(C) മെനിഞ്ജസ്
(D) കോർട്ടെക്സ്

76. മുറിവുണ്ടാകുമ്പോൾ രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ജീവകം ഏത്?

(A) ജീവകം ഇ
(B) ജീവകം ബി
(C) ജീവകം ഡി
(D) ജീവകം കെ

77. ലോക പ്രകൃതി സംരക്ഷണ ദിനം എന്ന്?

(A) ജൂൺ 5
(B) മെയ് 22
(C) ജൂലൈ 28
(D) ജൂൺ 1

78. പ്രമേഹം ബാധിച്ച കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് കേരള ആരോഗ്യവകുപ്പ് രൂപീകരിച്ച പദ്ധതി ഏത്?

(A) തേൻ അമൃത്
(B) മിഠായി
(C) ഹൃദ്യം
(D) ആർദ്രം

79. അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസിനു കാരണമാകുന്ന രോഗകാരി ഏത്?

(A) ട്രിപ്പനോസോമ ഗാംബിയൻസ്
(B) പ്ലാസ്മോഡിയം ഫാൽസിപാരം
(C) നെയ്ഗ്ലേരിയ ഫൗലേരി
(D) വാരിസെല്ല സോസ്റ്റർ

80. 2023 ൽ കേരളത്തിലെ ആരോഗ്യ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾക്കുള്ള ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചത് ഏത് ആരോഗ്യ പദ്ധതിക്കാണ്?

(A) ആഷാധാര
(B) അനുയാത്ര
(C) ശ്രുതി തരംഗം
(D) ആരോഗ്യ കിരണം

81. താഴെ പറയുന്നവയിൽ ശരിയേത്?

(A) 12 + 15 = 37
(B) 25 – 7 = 19
(C) $9 \times 6 = 54$
(D) $8 \div 2 = 5$

82. 20ന്റെയും 30ന്റെയും ഉസാഘ 10 ആണെങ്കിൽ അവയുടെ ലസാഗു എത്രയാണ്?

(A) 60
(B) 30
(C) 20
(D) 100

83. 8/3 ന്റെ 3/4 ഭാഗം എത്രയാണ്?

(A) 3
(B) 2
(C) 4
(D) 1

84. 726 സെന്റിമീറ്റർ നീളമുള്ള ഒരു കയറിനെ 100 തുല്യഭാഗങ്ങളായി മുറിച്ചാൽ ഓരോ കഷ്ണത്തിന്റെയും നീളം എത്രയാണ്?

(A) 7.26 cm
(B) 72.6 cm
(C) 72600 cm
(D) 0.726 cm

85. $8^2 + 9^2$ ന്റെ വില കാണുക

(A) 100
(B) 145
(C) 113
(D) 34

86. ഒരു ബാസ്ക്കറ്റ് ബോൾ കളിക്കാരന്റെ ആറു കളികളുടെ ശരാശരി സ്കോർ 18 പോയിന്റ് ആണ്. അടുത്ത കളിയിൽ അയാൾ 25 പോയിന്റെടുത്താൽ പുതിയ ശരാശരി സ്കോർ എത്രയാണ്?

(A) 18
(B) 20
(C) 19
(D) 21

87. $\sqrt{64} + \sqrt{100}$ ന്റെ വിലയെന്ത്?

(A) 9
(B) 8
(C) 15
(D) 18

88. ഒരു വ്യക്തി 1200 രൂപയ്ക്കു വാങ്ങിയ ഒരു വീട്ടുപകരണം 1500 രൂപയ്ക്കു വിറ്റു. എങ്കിൽ ലാഭ ശതമാനം എത്രയാണ്?

(A) 30%
(B) 25%
(C) 20%
(D) 15%

89. ചിത്രത്തിൽ അടയാളപ്പെടുത്തിയ കോൺ കാണുക




(A) 60°
(B) 70°
(C) 50°
(D) 90°

90. ഒരു സൈക്കിൾ സവാരിക്കാരൻ 45km ദൂരം 3 മണിക്കൂറുകൊണ്ട് സഞ്ചരിക്കുന്നുവെങ്കിൽ അയാളുടെ ശരാശരി വേഗത എന്ത്?

(A) 12 km/h
(B) 13 km/h
(C) 14 km/h
(D) 15 km/h

91. വില കാണുക

$(5 + 3) \div 2 + 4^2$

(A) 20
(B) 16
(C) 18
(D) 19

92. താഴെ തന്നിരിക്കുന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏതാണ്?

2, 6, 12, 20, ———?

(A) 24
(B) 30
(C) 28
(D) 36

93. താഴെ തന്നിരിക്കുന്ന സംഖ്യകളിൽ അഭാജ്യ സംഖ്യകളുടെ സെറ്റ് തിരിച്ചറിയുക

(A) 2, 3, 5, 6 (B) 1, 7, 11, 13

(C) 2, 3, 5, 11 (D) 4, 6, 8, 9

94. പൂജ്യം ഏതു തരത്തിലുള്ള സംഖ്യയാണ്?

i) പൂർണ സംഖ്യ

ii) എണ്ണൽ സംഖ്യ

iii) രേഖീയ സംഖ്യ

(A) (i), (ii), (iii) ഉം ശരിയാണ് (B) (i), (ii) ഉം ശരിയാണ്

(C) (ii) ഉം (iii) ഉം ശരിയാണ് (D) (i) ഉം (iii) ഉം ശരിയാണ്

95. താഴെ പറയുന്നവയിൽ ഒറ്റയാനെ കണ്ടെത്തുക

(A) 36 (B) 25

(C) 28 (D) 49

96. താഴെ പറയുന്ന അക്ഷരങ്ങളെ അർത്ഥവത്തായ രീതിയിൽ ക്രമീകരിച്ച് ഒരു ഗണിതശാസ്ത്ര പരമായ ഉപകരണത്തിന്റെ പേരെഴുതുക.

TCROPROTAR

(A) Parallel (B) Protractor

(C) Graph (D) Calculator

97. സീതയ്ക്ക് അവളുടെ മകന്റെ മൂന്നു മടങ്ങ് പ്രായം ഉണ്ട്. രണ്ടു പേരുടെയും വയസുകളുടെ തുക 60 ഉം ആണ്. മകന്റെ വയസ്സെത്ര?

(A) 10 (B) 20

(C) 15 (D) 25

98. ബസ്സ്റ്റാന്റിൽ നിന്ന് 10.00 am ന് യാത്ര തിരിക്കുന്ന ഒരു ബസ് 1.00 pm ന് അതിന്റെ ലക്ഷ്യ സ്ഥാനത്തിൽ എത്തിച്ചേരുന്നു. എങ്കിൽ യാത്രയ്ക്കെടുത്ത സമയം എത്ര?

(A) 2 hours (B) 3 hours

(C) 4 hours (D) 5 hours

99. 3/2 കിലോഗ്രാമിന്റെ 10 മടങ്ങ് എത്ര കിലോഗ്രാമാണ്?

(A) 5
(B) 16
(C) 15
(D) 6

100. 65 പേരുള്ള ക്ലാസിൽ സിദ്ധാർത്ഥ് മുന്നിൽനിന്ന് 37മത് ആണ്. എങ്കിൽ പിന്നിൽ നിന്നും സിദ്ധാർത്ഥിന്റെ റാങ്ക് എത്രയാണ്?

(A) 25
(B) 26
(C) 29
(D) 28

SPACE FOR ROUGH WORK

SPACE FOR ROUGH WORK

**FINAL ANSWER KEY**
**Question Paper Code:70/2025 M**
**Question Paper Medium:Malayalam**
**Category Code:696/2023,697/2023**
**Name Of Post & Department:Peon/Room Attendant/ Night Watchman - Main Examination 696/2023,**
**Date Of Test:25-Jun-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | B | D | C | C |
| 2 | C | A | X | D |
| 3 | B | B | D | B |
| 4 | D | C | B | B |
| 5 | A | D | D | C |
| 6 | B | A | B | D |
| 7 | B | C | C | X |
| 8 | A | A | A | C |
| 9 | B | C | B | C |
| 10 | C | A | D | A |
| 11 | B | B | A | D |
| 12 | B | D | C | A |
| 13 | A | C | D | B |
| 14 | A | A | D | C |
| 15 | C | A | B | B |
| 16 | A | D | C | D |
| 17 | D | C | C | C |
| 18 | A | X | D | D |
| 19 | B | D | B | X |
| 20 | C | B | B | C |
| 21 | D | D | C | B |
| 22 | A | B | D | C |
| 23 | C | C | X | D |
| 24 | A | A | C | A |
| 25 | C | B | C | D |
| 26 | A | D | A | B |
| 27 | B | A | D | C |
| 28 | D | C | A | D |
| 29 | C | D | B | C |
| 30 | A | D | C | B |
| 31 | A | B | B | C |
| 32 | D | C | D | A |
| 33 | C | C | C | C |
| 34 | X | D | D | A |
| 35 | D | B | X | B |
| 36 | B | B | C | A |
| 37 | D | C | B | B |
| 38 | B | D | C | C |
| 39 | C | X | D | D |
| 40 | A | C | A | B |
| 41 | B | C | D | B |
| 42 | D | A | B | D |
| 43 | A | D | C | A |
| 44 | C | A | D | B |
| 45 | D | B | C | C |
| 46 | D | C | B | D |
| 47 | B | B | C | C |
| 48 | C | D | A | B |
| 49 | C | C | C | C |
| 50 | D | D | A | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | B | X | B | C |
| 52 | B | C | A | C |
| 53 | C | B | B | B |
| 54 | D | C | C | C |
| 55 | X | D | D | B |
| 56 | C | A | B | D |
| 57 | C | D | B | A |
| 58 | A | B | D | B |
| 59 | D | C | A | B |
| 60 | A | D | B | A |
| 61 | B | C | C | B |
| 62 | C | B | D | C |
| 63 | B | C | C | B |
| 64 | D | A | B | B |
| 65 | C | C | C | A |
| 66 | D | A | B | A |
| 67 | X | B | C | C |
| 68 | C | A | C | A |
| 69 | B | B | B | D |
| 70 | C | C | C | A |
| 71 | D | D | B | B |
| 72 | A | B | D | C |
| 73 | D | B | A | D |
| 74 | B | D | B | A |
| 75 | C | A | B | C |
| 76 | D | B | A | A |
| 77 | C | C | B | C |
| 78 | B | D | C | A |
| 79 | C | C | B | B |
| 80 | A | B | B | D |
| 81 | C | C | A | C |
| 82 | A | B | A | A |
| 83 | B | C | C | A |
| 84 | A | C | A | D |
| 85 | B | B | D | C |
| 86 | C | C | A | X |
| 87 | D | B | B | D |
| 88 | B | D | C | B |
| 89 | B | A | D | D |
| 90 | D | B | A | B |
| 91 | A | B | C | C |
| 92 | B | A | A | A |
| 93 | C | B | C | B |
| 94 | D | C | A | D |
| 95 | C | B | B | A |
| 96 | B | B | D | C |
| 97 | C | A | C | D |
| 98 | B | A | A | D |
| 99 | C | C | A | B |
| 100 | C | A | D | C |

'X' denotes deletion

Approved For Publication
Sd/-
Section officer